LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരുടെ തൊഴിൽ വൈദഗ്ധ്യം കേരളത്തിലെ തൊഴിൽ മേഖലയിൽ എങ്ങനെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

നിലവിൽ ഇതുസംബന്ധിച്ച പദ്ധതികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസും ക്ഷേമനിധിയും

255(4265) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസ്, ക്ഷേമനിധി എന്നിവ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള പാചക തൊഴിലാളി ക്ഷേമപദ്ധതി കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചിട്ടുള്ളതിനാൽ കാറ്ററിംഗ് തൊഴിലാളികൾക്കായി പ്രത്യേക ക്ഷേമ പദ്ധതി രൂപീകരിക്കേണ്ട ആവശ്യമില്ല. ഒരു പദ്ധതിയിലും അംഗമായിട്ടില്ലാത്ത എല്ലാ കാറ്ററിംഗ് തൊഴിലാളികൾക്കും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസ് ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

മറ്റൊരു ക്ഷേമപദ്ധതിയിലും അംഗത്വം നേടിയിട്ടില്ലാത്ത കാറ്ററിംഗ് തൊഴിലാളികൾക്ക് 2-2-2016-ലെ സ.ഉ (അച്ചടി) നമ്പർ 24/2016/തൊഴിൽ പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന അസംഘടിത തൊഴിലാളി സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. അംഗങ്ങളാകുന്ന മുറയ്ക്ക് ടി തൊഴിലാളികൾക്ക് അർഹതയ്ക്കനുസരിച്ച് പദ്ധതി നിഷ്കർഷിക്കുന്ന ആനുകൂല്യങ്ങളായ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം എന്നിവ ലഭിക്കുന്നതാണ്.

ലൈറ്റ് & സൗണ്ട് മേഖലയിലുള്ളവർക്ക് ക്ഷേമനിധി ബോർഡ്

256(4266) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലൈറ്റ് & സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലുടമകൾക്കും തൊഴിലാളികൾക്കുമായി ക്ഷേമനിധി ബോർഡ് നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരമൊരു ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) സംസ്ഥാനത്ത് ലൈറ്റ് & സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി പ്രത്യേക ക്ഷേമനിധി ബോർഡ് നിലവിലില്ല. എന്നാൽ ടി മേഖലയിലെ തൊഴിലാളികൾക്ക് കേരള ഷോപ്പ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാവുന്നതാണ്.

കൂടുതൽ തൊഴിലവസരങ്ങൾ

257(4267) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാർഷികേതര മേഖലയിൽ കൂടുതൽ വിദഗ്ധ/അവിദഗ്ധ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വഴി നടപ്പിലാക്കിവരുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി വഴി അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം, കരിയർ ഡെവലപ്പ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നിവ വഴി കരിയർ സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ഇതിനുപുറമെ കാർഷികേതര മേഖലയിലെ കൂടുതൽ വിദഗ്ധ/അവിദഗ്ധ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന ജോബ് ഫെയറുകളും പ്ലേസ്മെന്റ് ഡ്രൈവുകളും മേഖലാടിസ്ഥാനത്തിൽ നിയുക്തി ജോബ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കൾ ഉത്പാദന വിതരണ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ഐ.ടി.ഐ. ട്രെയിനികളുടെ നൈപുണ്യ ശേഷി, തൊഴിൽ സാധ്യത എന്നിവ വർദ്ധിപ്പിക്കാൻ വിവിധ ഐ.ടി.ഐ.കളിൽ പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പിൻ കീഴിലെ പ്രധാന സ്ഥാപനങ്ങൾ

258(4268) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽ വകുപ്പിൻ കീഴിലെ പ്രധാന സ്ഥാപനങ്ങൾ എത്രയെന്നും അവയിലെ തൊഴിലാളികൾ എത്രയെന്നും എത്ര ഒഴിവുകൾ പ്രസ്തുത മേഖലയിൽ നിലവിലുണ്ട് എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly